I/5915669/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം WM3/137/2023-LSGD-Part(2)
തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18-10-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- മാലിന്യമുക്തം നവകേരളത്തിന്റെ ഭാഗമായി യുവജനങ്ങളുടെ പങ്ക് പ്രോത്സാഹിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.09.2023-ന് നടന്ന യോഗ തീരുമാനം

(2) സ.ഉ.(സാധാ) നം.1068/2023/തസ്വഭവ തീയതി 20.05.2023.

(3) സ.ഉ(സാധാ) നം.1081/2023/ തസ്വഭവ തീയതി 22.05 .2023.

**<u>ആമുഖം</u>**

ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം സൃഷ്ടിക്കുന്നതിന് കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ രൂപപ്പെട്ട് കഴിഞ്ഞു. എന്നാൽ ഇനിയും പരിഹരിക്കേണ്ട നിരവധി ഘടകങ്ങളുണ്ട്. കൂടാതെ ഉറവിടത്തിൽ തരംതിരിക്കുക, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക, അജൈവ മാലിന്യം കലണ്ടർ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് കൈമാറുക, തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള യൂസർഫീ നൽകുക തുടങ്ങിയ കാര്യങ്ങളിൽ ഇനിയും സഹകരിക്കാത്തവരും പൊതുയിടങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നവരും ഇപ്പോഴും നമ്മുടെ നാട്ടിലുണ്ട്. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും പങ്കാളിത്തമുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ശുചിത്വ-മാലിന്യ സംസ്കരണത്തിനായി സുസ്ഥിര സംവിധാനം വളർത്തിക്കൊണ്ടുവരാൻ സാധിക്കുകയുള്ളു.

“മാലിന്യ മുക്തം നവകേരളം” സൃഷ്ടിക്കുന്നതിന് ബൃഹത്തായ ഒരു ക്യാമ്പയിനാണ് സർക്കാർ രൂപം നൽകിയിരിക്കുന്നത്. നിലവിൽ ക്യാമ്പയിനിനെ അടിയന്തിര ഘട്ടം ജൂൺ 5 വരെ , ഹ്രസ്വകാല ഘട്ടം നവംബർ 30, ദീർഘകാലഘട്ടം 2024 മാർച്ച് 31 വരെ എന്നിങ്ങനെ 3 ഘട്ടങ്ങളായാണ് തിരിച്ചിരിക്കുന്നത്. ഇതിനായി സ്വീകരിക്കുന്ന അസൂത്രണം , സൂക്ഷ്മതല ക്യാമ്പയിനിലൂടെ സംസ്ഥാനതല ക്യാമ്പയിനിലേയ്ക്കുള്ള വളർച്ചയാണ്. മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള സംവിധാനം ഇന്ന് വ്യാപകമായിട്ടുണ്ട്. എന്നാൽ നമ്മുടെ ശീലം അതിലേക്ക് മാറിയിട്ടില്ല. ശീലത്തിലും മനോഭാവത്തിലും വലിയ മാറ്റം കൊണ്ടു വരാൻ നമുക്ക് കഴിയണം അതിനായി വിപുലമായ ജനകീയ ക്യാമ്പയിൻ അനിവാര്യമാണ്. കുട്ടികളെയും യുവജനങ്ങളെയും മനോഭാവ മാറ്റത്തിനായി നടക്കുന്ന പ്രവർത്തനങ്ങളുടെ മുഖ്യ ചാലക ശക്തിയായി മാറ്റാൻ നമുക്ക് കഴിയണം. വിപുലമായ ജനകീയ പ്രസ്ഥാനമായി മാലിന്യ മുക്തം

നവകേരളം ക്യാമ്പയിനെ മാറ്റുന്നതിനാണ് ശ്രമിക്കുന്നത്.

മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ആരംഭ ഘട്ടത്തിൽ തന്നെ ക്യാമ്പയിനിൽ യുവതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നു.

- സംസ്ഥാനത്താകെ മാലിന്യ സംസ്കരണ രംഗത്ത് യുവതയുടെ പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്നതിനായി, ക്യാമ്പയിൻ സെക്രട്ടേറിയേറ്റിന്റെ ഭാഗമാക്കിയും സംസ്ഥാന തലത്തിലും യുവതയുടെ ടീമിന് രൂപം നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ ജില്ലകളിലും യുവതയുടെ ടീം പ്രവർത്തന രംഗത്തുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ യുവതയുടെ പങ്കാളിത്തം നിർണായകമാണ്. പരിസ്ഥിതി അവബോധവും ഉത്തരവാദിത്തവും വളർത്തൽ, പരിസ്ഥിതിയിൽ മാലിന്യങ്ങൾ സൃഷ്ടിക്കുന്ന ആഘാതത്തെ കുറിച്ച് ആഴത്തിൽ മനസിലാക്കാൻ സഹായിക്കൽ, മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും, പുനരുപയോഗിക്കുന്നതിനും പുനചക്രമണം ചെയ്യുന്നതിനുമുള്ള സാധ്യതകൾ മനസിലാക്കൽ തുടങ്ങി മാലിന്യങ്ങൾ ശരിയായി തരംതിരിക്കാനും സംസ്കരിക്കാനും പഠിക്കുന്നതിലൂടെ സാമൂഹ്യ ശീലങ്ങൾ മാറ്റുന്നതിനുള്ള ജനകീയ വിദ്യാഭ്യാസ പരിപാടി മാലിന്യ മുക്തം നവകേരളത്തിനായി നടപ്പിലാക്കുന്നതിന്റെ മുന്നണി പ്രവർത്തകരായി യുവതയ്ക്ക് മാറാൻ അവസരം സൃഷ്ടിക്കാനും മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ അവസരം സൃഷ്ടിക്കുന്നു.

**എന്തുകൊണ്ട് യുവത**

- യുവത ഇന്നത്തെയും നാളത്തേയും പൗരരാണ്. ഉത്തരവാദിത്വത്തോടെയും, ദീർഘവീക്ഷണത്തോടെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ യുവതയ്ക്ക് കഴിയും. മാലിന്യ സംസ്കരണ ക്യാമ്പയിനുകളിൽ പ്രധാന പങ്ക് വഹിക്കാൻ ഇവർക്ക് അവസരം ലഭ്യമാക്കേണ്ടതുണ്ട്. പരിസ്ഥിതിക്ക് ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളുടെ തോത് കുറയ്ക്കുന്ന പ്രവർത്തനങ്ങളും, കാലാവസ്ഥ വ്യതിയാനത്തിന് കാരണമാകുന്ന ഘടകങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കാൻ യുവതയ്ക്ക് വഴിയൊരുക്കുന്ന തരത്തിൽ 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിൻ പ്രവർത്തനങ്ങൾ യുവതയ്ക്ക് പ്രയോജനപ്പെടുത്താൻ സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്.

- മാലിന്യ മുക്തം നവകേരളത്തിലേയ്ക്കുള്ള മാറ്റത്തിന് കൂടുതൽ വഴിയൊരുക്കുന്ന തരത്തിൽ ഈ കാലഘട്ടത്തിനു അനുയോജ്യമായ ആശയങ്ങൾ മുന്നോട്ട് കൊണ്ടുവന്ന് അവ പ്രവർത്തനത്തിലേയ്ക്കെത്തിക്കാൻ യുവജനങ്ങൾക്ക് സാധിക്കും.

- മാലിന്യ നിർമാർജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ പരിഹാരങ്ങൾ കൊണ്ടുവരാൻ യുവജനങ്ങൾക്ക് സാധിക്കും.

- പഠനം പൂർത്തീകരിച്ചവർ. പഠനത്തിൽ തുടരുന്നവർ. തൊഴിൽ ചെയ്യുന്നവർ എന്നിങ്ങനെ

എല്ലാ വിഭാഗം യുവതക്കും ക്യാമ്പയിനിൽ പങ്കാളിയാകാൻ അവസരമുണ്ട്. പരിസ്ഥിതിയിലും സമൂഹത്തിലും മാലിന്യത്തിന്റെ ആഘാതം മനസ്സിലാക്കാൻ സഹായിക്കുന്ന വിവരങ്ങളെയും വിഭവങ്ങളേയും കുറിച്ച് അവർ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ മനസിലാക്കിയവരാണ്. മാലിന്യ സംസ്കരണ രീതികളിൽ അർത്ഥവത്തായ മാറ്റം കൊണ്ടുവരാൻ ഈ അറിവ് പ്രയോജനപ്പെടുത്താനും സാധിക്കും.

- യുവാക്കൾ നവ സാങ്കേതിക വിദ്യയിൽ കൂടുതൽ പ്രാവീണ്യം ഉള്ളവരാണ് ആശയ വിനിമയത്തിനും വിവരങ്ങൾ പങ്കിടുന്നതിനും ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിലും അവർ സാമർത്ഥ്യമുള്ളവരാണ്. മാലിന്യ സംസ്കരണ അവബോധം പ്രചരിപ്പിക്കുന്നതിനും കൂടുതൽ പേരെ ഈ ശ്രമത്തിൽ ഉൾപ്പെടുത്തുന്നതിനും ഇതിലൂടെ സാധിക്കും.

- പല യുവജനങ്ങളും പരിസ്ഥിതിയുടെ അവസ്ഥയെക്കുറിച്ച് അതീവ ആശങ്കാകുലരും അത് സംരക്ഷിക്കാൻ നടപടിയെടുക്കുന്നതിൽ ആവേശഭരിതരുമാണ്. ഇത് അവരെ മാലിന്യം കുറയ്ക്കുന്നതിനും, സീറോ വേസ്റ്റ് ലൈഫ് എന്ന ആശയത്തിന്റെയുമെല്ലാം ശക്തമായ വക്താക്കളാക്കി മാറ്റി പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്താനും മാറ്റമുണ്ടാക്കുന്നതിനും അതുവഴി മറ്റുള്ളവരെ പ്രചോദിപ്പിക്കാനും സാധിക്കും.

- യുവത പലപ്പോഴും അവരുടെ പിയർ ഗ്രൂപ്പുകളിലും കമ്മ്യൂണിറ്റികളിലും സ്വാധീനം ചെലുത്തുന്നു അതായത് മാലിന്യം കുറയ്ക്കുന്നതിനും പുനരുപയോഗം ചെയ്യുന്നതിനും വേണ്ടിയുള്ള ശക്തമായ വക്താക്കളാകാൻ അവർക്ക് കഴിയും. ഇതിലൂടെ അവരുടെ സാമൂഹിക സ്വാധീനം പ്രയോജനപ്പെടുത്താനും അതിലൂടെ ജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും സാധിക്കും.

- യുവത ഫലപ്രദമായി ആശയവിനിമയം നടത്തുന്നവരായതിനാൽ എല്ലാ വിഭാഗം ജനങ്ങളിലേക്കും മാലിന്യസംസ്കരണ ആശയങ്ങൾ എത്തിക്കാൻ അവർക്കു കഴിയും.

- വിവിധ സ്ഥലങ്ങളിൽ യുവതയുടെ നെറ്റ്‌വർക്കിങ്, ടീം ബിൽഡിംഗ് തുടങ്ങിയവ യുവാക്കളുടെ നേതൃത്വത്തിൽ തന്നെ നടത്താൻ കഴിയും.

**ക്യാമ്പയിന് വേണ്ടിയുള്ള യുവതയുടെ ടീം - ഘടന**

| | | |
|---|---|---|
| 1 | സംസ്ഥാനതലം | ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ ഭാഗമായ യുവതയുടെ ടീം |
| 2 | ജില്ലാതലം | യുവജന ക്ഷേമ ബോർഡ് ടീം കേരള ക്യാപ്റ്റൻ |
| | | കില - ആർ ജി എസ് എ കോർഡിനേറ്റർ |
| | | കില തീമാറ്റിക്ക് എക്സ്പെർട്ട് |
| | | ശുചിത്വ മിഷൻ ആർ പി / വൈ പി |
| | | ഹരിത കേരളം മിഷൻ ആർ പി / ഇന്റേൺ |
| | | ഭൂമിത്രസേന അംഗം |
| | | ഇതിനു പുറമെ ജില്ലയിൽ താത്പര്യമുള്ള ഒരു സന്നദ്ധ പ്രവർത്തക(ൻ) |

| | | |
|---|---|---|
| 3 | ബ്ലോക്ക് തലം | യുവജന ക്ഷേമ ബോർഡ് ടീം കേരള അംഗങ്ങൾ |
| | | കില - ആർ ജി എസ് എ ബ്ലോക്ക് കോർഡിനേറ്റർമാർ |
| | | കില തീമാറ്റിക്ക് എക്സ്പെർട്സ് |
| | | ശുചിത്വ മിഷൻ ആർപി മാർ |
| | | ശുചിത്വ മിഷൻ വൈ പിമാർ |
| | | ഹരിത കേരളം മിഷൻ ആർ പിമാർ |
| | | ഹരിത കേരളം മിഷൻ ഇന്റേൺസ് |
| | | ഭൂമിത്രസേന അംഗങ്ങൾ |

| | | |
|---|---|---|
| 4 | തദ്ദേശസ്ഥാപന തലം | യുവജനക്ഷേമ ബോർഡിൻറെ കീഴിൽ പ്രവർത്തിക്കുന്ന ടീം കേരള പ്രതിനിധി. |
| | | എൻ എസ് എസ് പ്രതിനിധികൾ. |
| | | എസ് പി സി പ്രതിനിധികൾ. |
| | | ഭൂമിത്രസേന അംഗങ്ങൾ |
| | | നെഹ്റു യുവ കേന്ദ്രയുടെ ഭാഗമായി പ്രവർത്തിക്കുന്ന പ്രതിനിധി. |
| | | വായന ശാല , ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ |

**യൂത്ത് കോർഡിനേറ്റർമാരുടെ പ്രധാന ഉത്തരവാദിത്വങ്ങൾ**

**സംസ്ഥാന തല യൂത്ത് കോർഡിനേറ്റേഴ്സ്**

- സംസ്ഥാനതല കോർഡിനേഷൻ.
- ജില്ലാതല പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കൽ.
- എല്ലാ വിഭാഗം യുവജനങ്ങളെയും ക്യാമ്പയിനിലേക്ക് ചേർക്കൽ.
- ജില്ലാ തല ടീമുകളുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ശേഖരിച്ച് സംസ്ഥാന തലത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ.
- ജില്ലാ തല പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്, ക്യാമ്പയിൻ സെക്രട്ടറിയേറ്റുമായി ഏകോപിപ്പിക്കലും.

- വിവിധ തലങ്ങളിൽ ഹരിത യുവ സംഗമങ്ങൾ സംഘടിപ്പിക്കൽ
- ക്യാമ്പയിൻ സെക്രട്ടറിയേറ്റിലേക്കുള്ള ദിവസേനയുള്ള അപ്ഡേറ്റ്.
- ഡിജിറ്റൽ ക്യാമ്പയിൻ നേതൃത്വം നൽകൽ

**ജില്ലാതല യൂത്ത് കോർഡിനേറ്റർമാർ**

- ജില്ലകളിൽ ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ സഹായത്തോടെ ഒരു ടീം ആയി പ്രവർത്തിക്കുക.
- ജില്ലയിലെ 7 പേരടങ്ങുന്ന ടീമിന്റെ ഒപ്പം നിന്ന് പ്രവർത്തിക്കാൻ പ്രാപ്തരായതും, മാലിന്യ സംസ്കരണ മേഖലയിൽ താത്പര്യമുള്ള 14-21 പേരടങ്ങുന്ന ഒരു ടീമിനെ രൂപീകരിപ്പിക്കുക
- ജില്ലാ തല നെറ്റ് വർക്കിംഗ്- സാധ്യമാകുന്ന എല്ലാ വിഭാഗം യുവജനങ്ങളിലും യുവജന സംഘടനകളിലും നിന്നും യുവാക്കളുടെ നെറ്റ്വർക്ക് രൂപീകരിക്കൽ
- ബ്ലോക്ക് തലങ്ങളിൽ കില - ആർ ജി എസ് എ ബ്ലോക്ക് കോർഡിനേറ്റർമാർ , കില തീമാറ്റിക്ക് എക്സ്പെർട്സ് , ശുചിത്വ മിഷൻ ആർപിമാർ , ശുചിത്വ മിഷൻ വൈ പിമാർ, ഹരിത കേരളം മിഷൻ ആർ പിമാർ, ഹരിത കേരളം മിഷൻ ഇന്റേൺസ്, യുവജന ക്ഷേമ ബോർഡ് ടീം കേരള അംഗങ്ങൾ, ഭൂമിത്രസേന അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു ടീമിനെ ഫോം ചെയ്യൽ
- ജില്ലാ ക്യാമ്പയിൻ സെക്രെട്ടറിയേറ്റുമായി ചേർന്ന് യുവതയ്ക്ക് ഏർപ്പെടാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് പ്രായോഗികവശം പരിശോധിച്ച് നടപ്പിലാക്കൽ
- ജില്ലാ തലങ്ങളിൽ യുവജനങ്ങൾക്ക് വേണ്ടിയുള്ള ശില്പശാലകൾ സംഘടിപ്പിക്കൽ
- എല്ലാ ലോക്കൽ ബോഡികളിലും യുവതയുടെ ടീമിനെ കണ്ടെത്തി പ്രവർത്തന പരിപാടികൾ കോർഡിനേറ്റ് ചെയ്യൽ
- ഡിജിറ്റൽ ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ- വീഡിയോ, പോസ്റ്ററുകൾ, ഹാഷ്ടാഗ് ക്യാമ്പയിൻ, ചലഞ്ചുകൾ
- കൈമാറ്റക്കടകൾ, സീറോ വേസ്റ്റ് ഇവന്റുകൾ, മേളകൾ എന്നിവയുടെ സാധ്യത പരിശോധിച്ച് യുവതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കൽ.
- യുവജങ്ങൾക്കിടയിലെ ബദൽ ഉത്പന്ന സംരംഭകരുടെ പ്രദർശന, വിപണന മേളകൾ സംഘടിപ്പിക്കൽ.
- തദ്ദേശസ്ഥാപനങ്ങളിൽ ബഹുജന വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്യൽ.
- കുടുംബശ്രീ ബാലസഭ/ കുട്ടികളുടെ സംഘടനകൾക്കായി ശുചിത്വോത്സവങ്ങൾ പോലുള്ള പരിപാടികൾ സംഘടിപ്പിക്കൽ.

- യുവജനങ്ങളെ അണി നിരത്തി യുവതയുടെ നേതൃത്വത്തിൽ ജില്ലയിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റിലും സംസ്ഥാന തല ടീമിലും റിപ്പോർട്ട് ചെയ്യൽ.

- ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ പൂർണ തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

- ജില്ലയിലെ യുവജനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ( കമ്മ്യൂണിറ്റി ക്ലീൻ അപ്പ് ഡ്രൈവുകൾ, ബീച്ച് ക്ലീൻ അപ്പ്, സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ വോളന്റിയറിംഗ് പ്രോഗ്രാം, ഗ്രീൻ ഇവന്റ് പരിപാടികൾ) ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ ഭാഗമായി സംഘടിപ്പിക്കൽ.

- ഹരിത മിത്രം ആപ്പ് ജനങ്ങളിലേക്കെത്തിക്കുന്നതിനും , അവ ഓരോ വീടുകളിലും പരിചയപ്പെടുത്തുന്നതിനും വേണ്ട പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ യുവജനങ്ങളുടെ ടീം ബ്ലോക്ക് തല ടീമുമായി ചേർന്ന് രൂപീകരിക്കൽ.

- തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നവരുടെ പേരിൽ നിയമ നടപടി സ്വീകരിക്കാനുള്ള പ്രവർത്തനങ്ങൾ/ ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ.

**ബ്ലോക്ക് തലങ്ങളിലെ യൂത്ത് കോർഡിനേറ്റർമാർ**

- ജില്ലാ തല യൂത്ത് കോർഡിനേറ്റർമാരുടെ ഭാഗമായി ബ്ലോക്ക് തല പ്രവർത്തനങ്ങൾക്ക് നേതൃത്വം.

- ഓരോ ബ്ലോക്കിന്റെ പരിധിയിലും സമീപത്തുമുള്ള പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ യുവജനങ്ങളുടെ എൻ.ജി.ഒ.കൾ, പരിസ്ഥിതി എൻ.ജി.ഒ.കൾ, വായന ശാല, ആർ ട്സ് & സ്പോർട്സ് ക്ലബ്ബുകൾ, രാഷ്ട്രീയ/മത സംഘടനകളിലെ യുവജനങ്ങളുടെ കൂട്ടായ്മ, പ്രദേശത്തെ എൻ.സി.സി, എൻ.എസ്.എസ്, ഭൂമിത്രസേന ക്ലബ്ബുകളുടെയെല്ലാം വിവരങ്ങൾ ശേഖരിക്കൽ.

- ബ്ലോക്ക് തലങ്ങളിലെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായം ചെയ്യൽ.

- ജില്ലാ ടീമിന്റെ പ്രവർത്തനങ്ങളിൽ മുഴുവനായി ഭാഗമാകൽ.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ യുവജനങ്ങളുടെ ടീം ജില്ലാ ടീമുമായി ചേർന്ന് രൂപീകരിക്കൽ.

- ഡിജിറ്റൽ ക്യാമ്പയിൻ സംഘടിപ്പിക്കൽ, നേതൃത്വം നൽകലും.

**തദ്ദേശസ്വയംഭരണ സ്ഥാപന യൂത്ത് ടീം**

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ബഹുജന വിദ്യാഭ്യാസ പരിപാടികളിൽ ഭാഗമാകൽ
- മാലിന്യം വലിച്ചെറിയുന്നതും, കൂന്നുകൂട്ടുന്നതുമായ ഹോട്സ്പോട്ടുകൾ കണ്ടെത്തി അവ GVP മാപ്പ് ചെയ്യൽ.
- ചുവർ ചിത്രം , ചെറിയ ഇടം മനോഹരമാക്കൽ എന്നിവ നടത്തുന്നതിനായുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടെ സൗന്ദര്യ വത്കരണ പ്രവർത്തനങ്ങൾ ചെയ്യൽ.
- മാലിന്യക്കൂനകൾ കണ്ടെത്തലും വൃത്തിയാക്കലും വീണ്ടെടുത്ത പ്രദേശം മാലിന്യ സംസ്കരണ സന്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ആകർഷകമാക്കലും
- ഈ പ്രദേശങ്ങളുടെ സംരക്ഷണ ഉത്തരവാദിത്തം ഏറ്റെടുക്കൽ
- പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ (ഫ്ലാഷ് മൊബ് ,സ്ട്രീറ്റ് പ്ലെ)
- നിയമലംഘനങ്ങൾ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യൽ
- ഗ്രാമസഭകളിലും , വാർഡുസഭകളിലും പ്രചാരണം
- യുവതയുടെ നേതൃത്വത്തിൽ അപ്സൈക്ലിംഗ് പരിശീലനങ്ങൾ സംഘടിപ്പിക്കൽ
- മാലിന്യങ്ങളുടെ തരം തിരിക്കൽ, ബയോ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കൽ എന്നിവയുടെ അവബോധം വീടുകളിൽ ( ഡോർ ടു ഡോർ അവയർനെസ്സ് ക്യാമ്പയിനുകൾ)
- ക്ലബ്ബുകളുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന തലത്തിൽ/ കമ്മ്യൂണിറ്റി തലത്തിലും സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിക്കൽ
- യുവജനക്കൂട്ടായ്മയുടെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
- തദ്ദേശ സ്ഥാപനതലത്തിൽ ഡെമോൺസ്ട്രേഷൻ സെന്ററുകൾ - തരംതിരിക്കൽ, ഉറവിട ജൈവമാലിന്യ സംസ്കരണം, അപ്സൈക്ലിംഗ്
- ഗാർബേജ് വൾനറബിൾ കേന്ദ്രങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ - ടൂറിസം കേന്ദ്രങ്ങൾ, ബീച്ചുകൾ, വനമേഖല, ജലാശയങ്ങൾ, മാർക്കറ്റ് .
- ഡിജിറ്റൽ ക്യാമ്പയിൻ നേതൃത്വവും സംഘാടനവും.
- ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും വാർഡ് തലത്തിൽ യൂത്ത് നെറ്റ്‌വർക്ക് രൂപീകരിക്കൽ, ഈ നെറ്റ് വർക്കുകളെ ഏകോപിപ്പിച്ച് ക്യാമ്പയിൻ നേതൃത്വം നൽകൽ

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
പ്രോജക്റ്റ് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ , കില

ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 19-10-2023 13:57:41
സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്